# പതിനഞ്ചാം കേരള നിയമസഭ
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും
# (WORKS, TRANSPORT AND COMMUNICATIONS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട്
## (2026-2027)

**SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**

**(2026-2027)**

2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്
(Presented on 23rd February, 2026)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ആറാമത് റിപ്പോർട്ട്

(2026-2027)

SIXTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2026-2027)

2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്
(Presented on 23rd February, 2026)

217/2026.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി V
# (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)
# (2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ,
ഗതാഗത വകുപ്പുമന്ത്രി.

ശ്രീ. വി. എൻ. വാസവൻ,
തുറമുഖ – സഹകരണ - ദേവസ്വം വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. മോൻസ് ജോസഫ്

ഡോ. എം. കെ. മുനീർ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീമതി ഉമ തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ ,സെക്രട്ടറി

ശ്രീ. ആർ.എസ്. സന്തോഷ് കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

# അവതാരിക

2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി V (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2026 ഫെബ്രുവരി 7,11 തീയതികളിൽ സമിതി യോഗം ചേർന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതു സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ IX | - | വാഹന നികുതികൾ |
| ധനാഭ്യർത്ഥന നമ്പർ XV | - | പൊതുമരാമത്ത് |
| ധനാഭ്യർത്ഥന നമ്പർ XL | - | തുറമുഖങ്ങൾ |
| ധനാഭ്യർത്ഥന നമ്പർ XLI | - | ഗതാഗതം |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. എ. മുഹമ്മദ് റിയാസ്,

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

*ചെയർപേഴ്സൺ ,*
*സബ്ജക്ട് കമ്മിറ്റി V.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ IX

## വാഹന നികുതികൾ

| | | |
|---|---|---|
| വോട്ട് ചെയ്യുന്നത് | : | 308.8028 കോടി രൂപ |
| ചാർജ്ജ് ചെയ്യുന്നത് | : | ഇല്ല |

**2041—വാഹന നികുതികൾ**

2041-00-001-99-01-4—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഭരണച്ചെലവുകൾ - ശമ്പളം - മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ്

വിഹിതം : 8.55 ലക്ഷം രൂപ (നോൺ പ്ലാൻ)

(1) 2025-26 സാമ്പത്തിക വർഷത്തിൽ അംഗീകാരം നൽകിയ ബിൽ തുക നൽകുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-001-99-04-1—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഭരണച്ചെലവുകൾ - യാത്രാ ചെലവുകൾ - യാത്രാ ബത്ത

വിഹിതം : 9 ലക്ഷം രൂപ (നോൺ പ്ലാൻ)

(2) കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-001-99-04-2—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഭരണച്ചെലവുകൾ - യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത

വിഹിതം : 50000 രൂപ (നോൺ പ്ലാൻ)

(3) പൊതു സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് സ്ഥലംമാറ്റബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-001-99-04-4—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഭരണച്ചെലവുകൾ - യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം

വിഹിതം : 1.25 ലക്ഷം രൂപ (നോൺ പ്ലാൻ)

(4) വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ അവധി യാത്രാനുകൂല്യം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-001-99-05-2—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ വൈദ്യുതി ചെലവ്

വിഹിതം : 1.65 കോടി രൂപ (നോൺ പ്ലാൻ)

(5) വൈദ്യുതി ബിൽ കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-001-99-05-3—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

വിഹിതം : 68.20 ലക്ഷം രൂപ (നോൺ പ്ലാൻ)

(6) 2025-26 സാമ്പത്തിക വർഷത്തിൽ ബ്രോഡ്ബാൻഡ് കണക്ഷൻ എടുത്ത ഇനത്തിൽ കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-001-99-21-3—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഭരണച്ചെലവുകൾ - മോട്ടോർ വാഹനങ്ങൾ - ഇൻഷ്വറൻസ്

വിഹിതം : 50000 രൂപ (നോൺ പ്ലാൻ)

(7) ഹെഡ് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി പുതുതായി വാങ്ങിയ 5 വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനായി ഈ ശീർഷകത്തിൽ 1.25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-001-99-45—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഭരണച്ചെലവുകൾ - പി.ഒ.എൽ

വിഹിതം : 6.56 ലക്ഷം രൂപ (നോൺ പ്ലാൻ)

(8) ഹെഡ് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി പുതുതായി വാങ്ങിയ 5 വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ ഇന്ധന ചെലവിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-001-96—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസ്സസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്

വിഹിതം : 15.75 കോടി രൂപ (നോൺ പ്ലാൻ)

(9) വകുപ്പിലെ വിവിധ ഓഫീസുകളിലെ കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയവ കാലഹരണപ്പെട്ടതിനാൽ ഏകദേശം 2500 ഓളം കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും പുതുതായി വാങ്ങുന്നതിനും നിലവിൽ ഉപയോഗിക്കാൻ സാധിക്കുന്നവ നന്നാക്കി എടുക്കുന്നതിനും വകുപ്പിലെ ഓഫീസുകളുടെ നെറ്റ്‌വർക്ക് സംവിധാനം നവീകരിക്കുന്നതിനും വകുപ്പിലെ ഓഫീസുകളിൽ ഉപയോഗശൂന്യമായ UPS, ബാറ്ററികൾ എന്നിവ മാറ്റി വാങ്ങുന്നതിനും തകരാറുകൾ പരിഹരിക്കുന്നതിനും ആർ.സി ബുക്ക്, ലൈസൻസ് എന്നിവ കാർഡ് രൂപത്തിൽ അച്ചടിച്ച് അയച്ച വകയിൽ ITI LTD, PALAKKAD എന്ന സ്ഥാപനത്തിന് 20.2095625 കോടി രൂപ കുടിശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-102-99-04-1—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന – മോട്ടോർ വാഹനങ്ങളുടെ പരിശോധന-യാത്രാ ചെലവുകൾ - യാത്രാ ബത്ത

വിഹിതം : 2.5 ലക്ഷം രൂപ (നോൺ പ്ലാൻ)

(10) കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-102-99-04-2—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന-യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത

വിഹിതം :50000 രൂപ (നോൺ പ്ലാൻ)

(11) പൊതു സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് സ്ഥലംമാറ്റബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-102-99-04-4—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന-യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം

വിഹിതം :1 ലക്ഷം രൂപ (നോൺ പ്ലാൻ)

(12) വകുപ്പിലെ എക്സിക്യൂട്ടീവ് ജീവനക്കാരുടെ അവധി യാത്രാനുകൂല്യങ്ങൾ നൽകുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-102-99-06—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന – മോട്ടോർ വാഹനങ്ങളുടെ പരിശോധന – വാടക, കരം, നികുതി

വിഹിതം : 1.3431 കോടി രൂപ (നോൺ പ്ലാൻ)

(13) കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-102-99-21-2—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 28.60 ലക്ഷം രൂപ (നോൺ പ്ലാൻ)

(14) വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി വാഹനങ്ങളിൽ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 15 വർഷം പൂർത്തിയായ വാഹനങ്ങൾക്ക് അഞ്ചു വർഷം കൂടി ഉപയോഗിക്കുവാൻ സർക്കാർ അനുവാദം നൽകിയ സാഹചര്യത്തിൽ അത്തരം വാഹനങ്ങൾക്ക് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുതുതായി വാങ്ങിയ വാഹനങ്ങൾക്ക് കൃത്യസമയത്ത് തന്നെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 21.4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-102-99-21-3—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങൾ -ഇൻഷ്വറൻസ്

വിഹിതം : 7 ലക്ഷം രൂപ (നോൺ പ്ലാൻ)

(15) ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് എന്നീ ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനായി പുതുതായി വാങ്ങിയ 47 വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-102-99-45—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന – മോട്ടോർ വാഹനങ്ങളുടെ പരിശോധന-പി.ഒ.എൽ

വിഹിതം : 1.39 കോടി രൂപ (നോൺ പ്ലാൻ)

(16) ഹെഡ് ഓഫീസുകൾ ഒഴികെയുള്ള എല്ലാ ഓഫീസുകളുടെയും സുഗമമായ പ്രവർത്തനത്തിനായി പുതുതായി വാങ്ങിയ 47 വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ ഇന്ധന ചെലവിനുള്ള തുക അടയ്ക്കുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XV

## പൊതുമരാമത്ത്

വോട്ട് ചെയ്തത് : 5870.9669 കോടി രൂപ

ചാർജ്ജ് ചെയ്തത് : 69.3913 കോടി രൂപ

**2059—പൊതുമരാമത്ത്**

2059-01-053—പൊതുമരാമത്ത് - ഓഫീസ് കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 40.1390 കോടി രൂപ (നോൺ പ്ലാൻ)

(17) വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-60-053—പൊതുമരാമത്ത് - മറ്റു കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 65.6687 കോടി രൂപ (നോൺ പ്ലാൻ)

(18) നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, കഴക്കൂട്ടം സൈനിക സ്കൂൾ, ചരക്ക് സേവനനികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും തിരുവനന്തപുരം നഗരത്തിലുള്ള മറ്റു സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-053—പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 20.2681 കോടി രൂപ (നോൺ പ്ലാൻ)

(19) വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും ലോക്ഭവൻ സജ്ജീകരിക്കലും തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണവും ഇലക്ട്രോണിക്സ് മെയിന്റനൻസസും പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികളും നടപ്പിലാക്കിയ ഇനത്തിൽ കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനും വൈദ്യുതി ചാർജ്ജ്

ഇനത്തിലുമായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**3054 —റോഡുകളും പാലങ്ങളും**

3054-03-102-99—റോഡുകളും പാലങ്ങളും - സംസ്ഥാന പാതകൾ - പാലങ്ങൾ - സാധാരണ അറ്റകുറ്റപ്പണികൾ

വിഹിതം : 5 കോടി രൂപ (നോൺ പ്ലാൻ)

(20) 2800-ൽ പരം പാലങ്ങൾ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് പുരോഗമിച്ചു വരുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-102-98—റോഡുകളും പാലങ്ങളും - സംസ്ഥാന പാതകൾ - പാലങ്ങൾ -വെള്ളപ്പൊക്കക്കെടുതികളുടെ അറ്റകുറ്റപ്പണികൾ

വിഹിതം : 1.4 കോടി രൂപ (നോൺ പ്ലാൻ)

(21) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-92—റോഡുകളും പാലങ്ങളും - സംസ്ഥാന പാതകൾ - റോഡുപണികൾ - കാലാവസ്ഥയെ പ്രതിരോധിക്കുന്നതരത്തിൽ പമ്പാ തടത്തിലെ പ്രധാന റോഡുകളുടെ അറ്റകുറ്റപ്പണി

വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

(22) പുതുതായി രൂപീകരിച്ച Road Maintenance Management System (RMMS Cell)-ന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 68.88 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-99-04-01—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ് - യാത്രാ ചെലവുകൾ - യാത്രാ ബത്ത

വിഹിതം : 2.25 ലക്ഷം രൂപ (നോൺ പ്ലാൻ)

(23) പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ യാത്രാ ബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-99-05-1—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ് - ഓഫീസ് ചെലവുകൾ -വെള്ളക്കരം

വിഹിതം : 5.25 ലക്ഷം രൂപ (നോൺ പ്ലാൻ)

(24) പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ വെള്ളക്കര ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97-01-4—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം - ശമ്പളം - മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ്

വിഹിതം : 15.8 ലക്ഷം രൂപ (നോൺ പ്ലാൻ)

(25) പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97-02-04—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം- വേതനം - കൺസോളിഡേറ്റഡ് പേ

വിഹിതം : 65.66 ലക്ഷം രൂപ (നോൺ പ്ലാൻ)

(26) പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ

സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങൾക്കും കൺസോളിഡേറ്റഡ് പേ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97 -02-05—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം-വേതനം - ദിവസവേതനം

വിഹിതം : 2.06 കോടി രൂപ (നോൺ പ്ലാൻ)

(27) പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും ദിവസവേതനം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97-05-4—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം-ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

വിഹിതം : 35.69 ലക്ഷം രൂപ (നോൺ പ്ലാൻ)

(28) പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും മുൻ വർഷത്തെ കുടിശ്ശിക അടച്ചു തീർക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.63 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97-21-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 8.42 ലക്ഷം രൂപ (നോൺ പ്ലാൻ)

(29) പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും വാഹനങ്ങളുടെ പരിപാലനത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.58 ലക്ഷം രൂപ

അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97-34-3—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം-മറ്റു ചെലവുകൾ - മറ്റിനം

വിഹിതം : 3.31 ലക്ഷം രൂപ (നോൺ പ്ലാൻ) (ചാർജ്ജ്ഡ്)

(30) പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും മറ്റു ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97-93—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം - ട്രേഡ് അപ്രന്റീസുകൾക്കുള്ള സ്റ്റൈപ്പന്റ്

വിഹിതം : 20 ലക്ഷം രൂപ (നോൺ പ്ലാൻ)

(31) പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളിലെയും അപ്രന്റീസ് ട്രെയിനികളുടെ സ്റ്റൈപ്പന്റിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-95-04-1—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) - യാത്രാ ചെലവുകൾ - യാത്രാബത്ത

വിഹിതം : 50000 രൂപ (നോൺ പ്ലാൻ)

(32) പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനായുള്ള യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-95-04-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) - യാത്രാ ചെലവുകൾ - സ്ഥലംമാറ്റബത്ത

വിഹിതം : 5000 രൂപ (നോൺ പ്ലാൻ)

(33) പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സ്ഥലംമാറ്റ ബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-94-01-4—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് വകുപ്പ് (മെയിന്റനൻസ്)- ശമ്പളം - മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ്

വിഹിതം : 15000 രൂപ (നോൺ പ്ലാൻ)

(34) മെയിന്റനൻസ് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-93-04-1—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (പാലങ്ങൾ)വകുപ്പിന് കീഴിലുള്ള സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസ്-യാത്രാ ചെലവുകൾ- യാത്രാബത്ത

വിഹിതം : 1.62 ലക്ഷം രൂപ (നോൺ പ്ലാൻ)

(35) പാലങ്ങൾ വിഭാഗം 2 സർക്കിൾ കാര്യാലയത്തിലെ യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-93-04-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിന് കീഴിലുള്ള സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസ് -യാത്രാ ചെലവുകൾ- സ്ഥലംമാറ്റബത്ത

വിഹിതം : 10000 രൂപ (നോൺ പ്ലാൻ)

(36) പാലങ്ങൾ വിഭാഗം 2 സർക്കിൾ കാര്യാലയത്തിലെ സ്ഥലംമാറ്റ ബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-92-01-4—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് - ശമ്പളം - മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ്

വിഹിതം : 4.18 ലക്ഷംരൂപ (നോൺ പ്ലാൻ)

(37) പാലങ്ങൾ വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-92-02-5—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് - വേതനം - ദിവസവേതനം

വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

(38) പാലങ്ങൾ വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും ദിവസവേതനം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-92-04-1—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് - യാത്രാ ചെലവുകൾ- യാത്രാബത്ത

വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

(39) പാലങ്ങൾ വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക

അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-92-04-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്-യാത്രാ ചെലവുകൾ- സ്ഥലംമാറ്റബത്ത

വിഹിതം : 70000 രൂപ (നോൺ പ്ലാൻ)

(40) പാലങ്ങൾ വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങൾക്കും സബ്ഡിവിഷനുകൾക്കുമായുള്ള സ്ഥലംമാറ്റ ബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-92-21-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് -മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 3.47 ലക്ഷം രൂപ (നോൺ പ്ലാൻ)

(41) പാലങ്ങൾ വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-92-45—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് -പി.ഒ.എൽ

വിഹിതം : 8.93 ലക്ഷം രൂപ (നോൺ പ്ലാൻ)

(42) പാലങ്ങൾ വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും ഇന്ധന ചെലവ് ഇനത്തിൽ അനുവദിച്ച തുക

അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-92-93—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് -ട്രേഡ് അപ്രന്റീസുകൾക്കുള്ള സ്റ്റൈപ്പന്റ്

വിഹിതം : 3 ലക്ഷം രൂപ (നോൺ പ്ലാൻ)

(43) പാലങ്ങൾ വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും ട്രേഡ് അപ്രന്റീസുകൾക്കുള്ള സ്റ്റൈപ്പന്റ് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-91-01-4—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (റോഡ് പരിപാലനം)-വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്-ശമ്പളം - മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ്

വിഹിതം : 2.1 ലക്ഷം രൂപ (നോൺ പ്ലാൻ)

(44) മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-91-04-1—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (റോഡ് പരിപാലനം) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്- യാത്രാ ചെലവുകൾ – യാത്രാബത്ത

വിഹിതം : 4.5 ലക്ഷം രൂപ (നോൺ പ്ലാൻ)

(45) മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ

ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-91-04-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (റോഡ് പരിപാലനം) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്- യാത്രാ ചെലവുകൾ -സ്ഥലംമാറ്റബത്ത

വിഹിതം : 55000 രൂപ (നോൺ പ്ലാൻ)

(46) മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും സ്ഥലംമാറ്റ ബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-91-04-4—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (റോഡ് പരിപാലനം) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്- യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം

വിഹിതം : 75000 രൂപ (നോൺ പ്ലാൻ)

(47) മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും അവധി യാത്രാനുകൂല്യം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-91-05-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും -പൊതുമരാമത്ത് (റോഡ് പരിപാലനം) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്- ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വിഹിതം : 3.63 ലക്ഷം രൂപ (നോൺ പ്ലാൻ)

(48) മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-91-05-4—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (റോഡ് പരിപാലനം) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്- മറ്റിനങ്ങൾ

വിഹിതം : 5.78 ലക്ഷം രൂപ (നോൺ പ്ലാൻ)

(49) മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളുടെയും സബ്ഡിവിഷനുകളുടെയും പ്രവർത്തനങ്ങൾക്കായി ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-91-21-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (റോഡ് പരിപാലനം) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 48,000 രൂപ (നോൺ പ്ലാൻ)

(50) മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-91-45—റോഡുകളും പാലങ്ങളും - ജനറൽ-ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (റോഡ് പരിപാലനം) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്- പി.ഒ.എൽ

വിഹിതം : 87000 രൂപ (നോൺ പ്ലാൻ)

(51) മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും ഇന്ധന ചെലവ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-01-4—റോഡുകളും പാലങ്ങളും - ജനറൽ-ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് -ശമ്പളം - മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ്

വിഹിതം : 50000 രൂപ (നോൺ പ്ലാൻ)

(52) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും റീജിയണൽ ക്വാളിറ്റി കൺട്രോൾ ഓഫീസുകളെയും ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-04-1—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്- യാത്രാ ചെലവുകൾ - യാത്രാ ബത്ത

വിഹിതം : 68000 രൂപ (നോൺ പ്ലാൻ)

(53) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-04-2—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് -യാത്രാ ചെലവുകൾ -സ്ഥലംമാറ്റ ബത്ത

വിഹിതം : 5000 രൂപ (നോൺ പ്ലാൻ)

(54) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും സ്ഥലംമാറ്റബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-04-4—റോഡുകളും പാലങ്ങളും-ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം

വിഹിതം : 50000 രൂപ (നോൺ പ്ലാൻ)

(55) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെയും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും ജീവനക്കാരുടെ അവധി യാത്രാനുകൂല്യം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-05-1—റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്-ഓഫീസ് ചെലവുകൾ - വെള്ളക്കരം

വിഹിതം : 11000 രൂപ (നോൺ പ്ലാൻ)

(56) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും വെള്ളക്കരം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-05-2—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച ഇൻസ്റ്റിറ്റ്യൂട്ട് -ഓഫീസ്ചെലവുകൾ -വൈദ്യുതി ചെലവ്

വിഹിതം : 4 ലക്ഷം രൂപ (നോൺ പ്ലാൻ)

(57) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും വൈദ്യുതി ചെലവ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-05-4—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് -ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

വിഹിതം : 61000 രൂപ (നോൺ പ്ലാൻ)

(58) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെയും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും പ്രവർത്തനത്തിനായി മറ്റിനങ്ങൾ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-06—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് -വാടക, കരം, നികുതി

വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

(59) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളും പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക, കരം, നികുതി ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-21-2—റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് -മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 17000 രൂപ (നോൺ പ്ലാൻ)

(60) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെയും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-21-3—റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - മോട്ടോർ വാഹനങ്ങൾ - ഇൻഷുറൻസ്

വിഹിതം : 1.56 ലക്ഷം രൂപ (നോൺ പ്ലാൻ)

(61) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെയും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും മോട്ടോർവാഹനങ്ങളുടെ ഇൻഷുറൻസ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 63000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99-45—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് -പി.ഒ.എൽ

വിഹിതം : 38000 രൂപ (നോൺ പ്ലാൻ)

(62) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെയും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും ആവശ്യത്തിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-98 -01-4—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച്ബോർഡ്-ശമ്പളം - മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ്

വിഹിതം : 2 ലക്ഷം രൂപ (നോൺ പ്ലാൻ)

(63) രൂപകൽപ്പനാ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ചികിത്സാ ചെലവ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-98 -04-1—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്- യാത്രാ ചെലവുകൾ- യാത്രാബത്ത

വിഹിതം : 1.5 ലക്ഷം രൂപ (നോൺ പ്ലാൻ)

(64) രൂപകൽപ്പനാ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ജീവനക്കാർക്കുള്ള യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-98-04-2—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും- ഇൻവെസ്റ്റിഗേഷൻ പബ്ലിക് വർക്സ് ഡിസൈൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്- യാത്രാ ചെലവുകൾ - സ്ഥലംമാറ്റബത്ത

വിഹിതം : 25000 രൂപ (നോൺ പ്ലാൻ)

(65) രൂപകൽപ്പനാ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ആവശ്യത്തിനായി സ്ഥലംമാറ്റ ബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-98-04-4—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്- യാത്രാ ചെലവുകൾ- അവധി യാത്രാനുകൂല്യം

വിഹിതം : 32000 രൂപ (നോൺ പ്ലാൻ)

(66) രൂപകൽപ്പനാ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ആവശ്യത്തിനായി അവധി യാത്രാനുകൂല്യം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-98 -21-2—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 63000 രൂപ (നോൺ പ്ലാൻ)

(67) രൂപകൽപ്പനാ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടു വാഹനങ്ങൾ സംസ്ഥാനത്തെ വിവിധ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനാൽ അവയുടെ അറ്റകുറ്റപണികൾക്കായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-98-45—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്-പി.ഒ.എൽ

വിഹിതം : 2.1 ലക്ഷം രൂപ (നോൺ പ്ലാൻ)

(68) രൂപകൽപ്പനാ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടു വാഹനങ്ങൾ സംസ്ഥാനത്തെ വിവിധ ബഡ്ജറ്റ് കിഫ്ബി പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത് കാരണം ഇന്ധന ചെലവ് ഇനത്തിൽ അനുവദിച്ച തുക

അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-93—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ്

വിഹിതം : 3 കോടി രൂപ (പ്ലാൻ)

(69) CPRCS മുഖേന പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ നൽകിയ ഐ.ടി ഉപകരണങ്ങളുടെ AMC/റിപ്പയർ, ഓഫീസുകളിലെ LAN Net working എന്നിവയ്ക്കായിട്ട് 5.9 കോടി രൂപയും ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള Man Power, പരിശീലനം, പരിശോധന എന്നിവയ്ക്കായി 1.65 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 7.55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-92—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും

വിഹിതം : 14 കോടി രൂപ (പ്ലാൻ)

(70) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഇൻഡക്ഷൻ ട്രെയിനിംഗ്, റിഫ്രഷർ കോഴ്സുകൾ എന്നിവയ്ക്കായി പുതുതായി പ്രവർത്തനം ആരംഭിച്ച നേര്യമംഗലം ട്രെയിനിംഗ് സെന്ററിൽ പരിശീലനം നൽകുന്നതിനും, സെന്ററിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 50 ലക്ഷം രൂപയും, വകുപ്പിലെ ഡിസൈൻ വിംഗ് മുഖേന കൈകാര്യം ചെയ്യുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കും പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ, ഹാർഡ് വെയർ വാങ്ങൽ എന്നീ പ്രവൃത്തികൾക്കുമായി 100 ലക്ഷം രൂപയും Kerala Highway Research Institute (KHRI)-നെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് വേണ്ടി ഗവേഷണ നവീന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അക്കാദമിക്, വ്യവസായിക മേഖലകളിലെയും മറ്റ് റോഡ് മേഖലയിലെയും വിദഗ്ധർ എന്നിവരുമായി സഹകരിച്ച് മാനവ വിഭവശേഷി വികസനം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവൃത്തികൾക്കായി 150 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-91—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - ഗവേഷണ ആസൂത്രണ പ്രവൃത്തികൾ

വിഹിതം : 3 കോടി രൂപ (പ്ലാൻ)

(71) പുരോഗമിക്കുന്ന 11 പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനും ഭരണാനുമതി നൽകിയ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 4.0619 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-89—റോഡുകളും പാലങ്ങളും - ജനറൽ-ഗവേഷണവും പരിഷ്കരണവും - പുതിയ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പ്രായോഗിക ക്ഷമതാപഠനം

വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

(72) പുതിയ പാലങ്ങളുടെ സാധ്യത പഠനത്തിനുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 95 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-107-97—റോഡുകളും പാലങ്ങളും-ജനറൽ-റെയിൽവേ സുരക്ഷിതത്വ പണികൾ - കാവൽക്കാർ ഇല്ലാത്ത ലെവൽക്രോസിങ്ങുകളിൽ കാവൽ സംവിധാനമേർപ്പെടുത്തൽ

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

(73) കാവൽക്കാർ ഇല്ലാത്ത ലെവൽക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് റെയിൽവേയ്ക്ക് നൽകേണ്ട കുടിശ്ശിക നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-800-94-3—റോഡുകളും പാലങ്ങളും - ജനറൽ - മറ്റു ചെലവുകൾ - മറ്റുള്ളവ - വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും

വിഹിതം : 1.6 കോടി രൂപ (നോൺ പ്ലാൻ)

(74) സൈൻബോർഡുകൾ സ്ഥാപിക്കുന്നതും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനും ഭരണാനുമതി അനുവദിക്കുന്നതിനുമായി ഈ

ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-800-92-10—റോഡുകളും പാലങ്ങളും - ജനറൽ - മറ്റു ചെലവുകൾ - കേരള റോഡ് ഫണ്ട്- സംഭാവന

വിഹിതം : 600 കോടി രൂപ (നോൺ പ്ലാൻ)

(75) തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ, കൊല്ലം തുടങ്ങിയ നഗര വികസന പദ്ധതികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 575.34 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-800-87—റോഡുകളും പാലങ്ങളും-ജനറൽ-മറ്റു ചെലവുകൾ-ബിൽ ഡിസ്കൗണ്ടിംഗ് ചാർജ്ജുകൾ

വിഹിതം : 5.45 കോടി രൂപ (നോൺ പ്ലാൻ)

(76) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് ബിൽ ഡിസ്കൗണ്ടിംഗ് ചാർജ് ഇനത്തിലുള്ള കുടിശ്ശിക ബിൽ കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-800-86—റോഡുകളും പാലങ്ങളും - ജനറൽ - മറ്റു ചെലവുകൾ - പാലങ്ങളുടെ സുരക്ഷാപ്രവർത്തനങ്ങൾ

വിഹിതം : 4 കോടി രൂപ (പ്ലാൻ)

(77) പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിലുള്ള 2846 പാലങ്ങളിൽ സുരക്ഷാ സൂചന ബോർഡുകളും മറ്റ് സുരക്ഷാ നടപടികളും സ്ഥാപിക്കുന്നതിനും പഴക്കം ചെന്ന അപകടാവസ്ഥയിലായ പാലങ്ങളിൽ അടിയന്തര സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും അപ്രോച്ച് റോഡിലുള്ള റെക്ലിഫിക്കേഷൻ, ഹാൻഡ്റെയിൽ റിപ്പയർ, സൈൻ ബോർഡ് സ്ഥാപിക്കൽ തുടങ്ങിയ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സുരക്ഷാ സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 9.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4059—പൊതുമരാമത്ത് മൂലധനച്ചെലവ്**

4059-01-051-99-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം -സംസ്ഥാന നിയമസഭ – വൻകിട മരാമത്തുപണികൾ

വിഹിതം : 51.56 ലക്ഷം രൂപ (പ്ലാൻ)

(78) സംസ്ഥാന നിയമസഭയുടെ പരിഷ്കരണ ജോലികൾക്കും നവീകരണ ജോലികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-97-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം - ഇലക്ഷൻ - വൻകിട മരാമത്തുപണികൾ

വിഹിതം : 1.2375 കോടി രൂപ (പ്ലാൻ)

(79) ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിരം, VVPAT, വെയർ ഹൗസ് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുള്ള ചെലവിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-96-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം - ഭൂനികുതി - വൻകിട മരാമത്തുപണികൾ

വിഹിതം : 61.88 ലക്ഷം രൂപ (പ്ലാൻ)

(80) ഭൂനികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-92-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പബ്ലിക് സർവീസ് കമ്മീഷൻ - വൻകിട മരാമത്തുപണികൾ

വിഹിതം : 82.5 ലക്ഷം രൂപ (പ്ലാൻ)

(81) പബ്ലിക് സർവീസ് കമ്മീഷനുമായി ബന്ധപ്പെട്ട മറ്റു പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള ചെലവിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-86-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുമരാമത്തു പണികൾ (സിവിൽ ജോലികൾ)- വൻകിട മരാമത്തുപണികൾ

വിഹിതം : 29.1956 കോടി രൂപ (പ്ലാൻ)

(82) പൊതുമരാമത്തു സിവിൽ പണികൾ പൂർത്തീകരിക്കാനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും ഈ ശീർഷകത്തിൽ 60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-72-16—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം - നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി - വൻകിട മരാമത്തുപണികൾ

വിഹിതം : 15 കോടി രൂപ ( നോൺ പ്ലാൻ)

(83) നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-71—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം - ജയിലുകളുടെ ആധുനികവൽക്കരണം

വിഹിതം : 11.5320 കോടി രൂപ (പ്ലാൻ)

(84) കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനും പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**5054 -റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്**

5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാന പാതകൾ - പാലങ്ങൾ - പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തുപണികൾ

വിഹിതം : 33.7727 കോടി രൂപ (പ്ലാൻ)

(85) കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനായും പുരോഗമിച്ചുവരുന്ന പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 49.9773 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാന പാതകൾ- റോഡു പണികൾ - വികസനവും പരിഷ്കരണവും- വൻകിട മരാമത്തുപണികൾ

വിഹിതം : 71.6639 കോടി രൂപ (പ്ലാൻ)

(86) കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനും പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 78.3361 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാന പാതകൾ - റോഡുപണികൾ- കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോക ബാങ്ക് സഹായിക്കുന്നത്)

വിഹിതം : 100 കോടി രൂപ (പ്ലാൻ)

(87) കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിൽ നടന്നുവരുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കും കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരങ്ങളിൽ തീർപ്പുകൽപ്പിക്കുന്ന പക്ഷം ഉണ്ടാകാവുന്ന ചെലവുകൾക്കും ഓഫീസ് ജീവനക്കാര്യങ്ങൾക്കുമായി വരാവുന്ന പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 145 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തുപണികൾ

വിഹിതം : 51.0708 കോടി രൂപ (പ്ലാൻ)

(88) കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനും പുരോഗമിച്ചുവരുന്ന പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 965.1458 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മറ്റു ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല

(89) മറ്റു ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനും ധാരാളം പഞ്ചായത്തുകളിൽ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-96-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - പാലങ്ങളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ - വൻകിട മരാമത്തുപണികൾ

വിഹിതം : 78.2537 കോടി രൂപ (പ്ലാൻ)

(90) നബാർഡ് സഹായത്തോടെയുള്ള പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുരോഗമിച്ചുവരുന്ന 8 പ്രവൃത്തികൾക്കുള്ള തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 34.3463 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - നിലവിലുള്ള പാലങ്ങളുടെ പുനരുദ്ധാരണം/ പുനർനിർമ്മാണം

വിഹിതം : 38.2702 കോടി രൂപ (പ്ലാൻ)

(91) കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനും പുരോഗമിച്ചുവരുന്ന പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 8.1913 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-92—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - ആദിവാസി കോളനികളിലേക്കുള്ള പാലങ്ങളുടെ നിർമ്മാണം/ പുനർനിർമ്മാണം

വിഹിതം : 20.5931 കോടി രൂപ (പ്ലാൻ)

(92) ആദിവാസി കോളനികളിലേക്കുള്ള പാലങ്ങളുടെ നിർമ്മാണം/ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനും നിലവിൽ പുരോഗമിച്ചുവരുന്ന പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 19.1669 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-99 -16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും - വൻകിട മരാമത്തുപണികൾ

വിഹിതം : 247.5288 കോടി രൂപ (പ്ലാൻ)

(93) വിവിധ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകുന്നതിനായും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനുമായുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 450 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മറ്റു ജില്ലാതല റോഡുകൾ പുതിയ പണികൾ-വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല.

(94) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മറ്റ് ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും - വൻകിട മരാമത്തു പണികൾ

വിഹിതം : ഇല്ല.

(95) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതിയ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നല്കുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-89 -16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - ശബരിമല റോഡ് പ്രോജക്റ്റ് - വൻകിട മരാമത്തുപണികൾ

വിഹിതം : 12.3558 കോടി രൂപ (പ്ലാൻ)

(96) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതിയ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നല്കുന്നതിനുമായുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 188 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-80—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം

വിഹിതം : 50 കോടി രൂപ (നോൺ പ്ലാൻ) (ചാർജ്ജ്ഡ്)

(97) ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച് കോടതി കേസുകൾക്ക് തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-79—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - കൊച്ചിയിൽ സീപോർട്ട് എയർപോർട്ട് റോഡിന്റെ നിർമ്മാണം</u>

വിഹിതം : 1 ലക്ഷം രൂപ (പ്ലാൻ)

(98) HMT - NAD റീച്ചിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനും എൻ. എ. ഡി.-യുമായുള്ള കരാർ പ്രകാരം എൻ. എ. ഡി. റോഡ് പുതുക്കി പണിയുന്നതിനുമുള്ള ചെലവുകൾക്കായി <u>ഈ ശീർഷകത്തിൽ 26.71 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

5054-05-101-99-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ -പാലങ്ങൾ-സി.ആർ.ഐ.എഫ്. പാലങ്ങൾ (സാധാരണ വിഹിതം) - വൻകിട മരാമത്തുപണികൾ</u>

വിഹിതം : ഇല്ല.

(99) CRIF സേതുബന്ധൻ എന്ന കേന്ദ്രാവിഷ്കൃത പ്രവൃത്തിയുടെ പേയ്മെന്റ് സംസ്ഥാന ബഡ്ജറ്റിൽ നിന്ന് ചെലവഴിച്ച്, കേന്ദ്രത്തിൽ നിന്നും പൂർണമായും റീ - ഇമ്പേഴ്സ് ചെയ്യുന്നതാകയാൽ പ്രസ്തുത പ്രവൃത്തികൾക്കായി <u>ഈ ശീർഷകത്തിൽ 60 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

5054-05-337-97-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ- റോഡ് പണികൾ - സി.ആർ.ഐ.എഫ്.റോഡുകൾ (സാധാരണ വിഹിതം) - വൻകിട മരാമത്തുപണികൾ</u>

വിഹിതം : 51.0708 കോടി രൂപ (പ്ലാൻ)

(100) സി.ആർ.ഐ.എഫ്. റോഡുകൾ എന്ന കേന്ദ്രാവിഷ്കൃത പ്രവൃത്തിയുടെ കരാറുകാർക്കുള്ള പേയ്മെന്റ് സംസ്ഥാന ബഡ്ജറ്റിൽ നിന്ന് ചെലവഴിച്ച്, കേന്ദ്രത്തിൽ നിന്നും പൂർണമായും തിരികെ ലഭിക്കുന്ന സംവിധാനമാകയാൽ നിലവിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾക്കായി <u>ഈ ശീർഷകത്തിൽ 65 കോടി രൂപ അധികമായി</u>

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-004-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ-ഗവേഷണം - ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും

വിഹിതം : 7.5 കോടി രൂപ (പ്ലാൻ)

(101) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന കാലാവധി കഴിയാറായ സോഫ്റ്റ് വെയറുകളുടെ ലൈസൻസ് പുതുക്കുന്നതിന് 2 കോടി രൂപയും KHRI യെ സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുന്നതിന്റെ ഭാഗമായി KHRI-ക്കു നവീന ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റു അടിസ്ഥാന സൗകര്യ വികസനത്തിനുമായി 2 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-107-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - റെയിൽവേ സുരക്ഷിതത്വ പണികൾ - റെയിൽവേ സുരക്ഷിതത്വ പണികൾ

വിഹിതം : 25 കോടി രൂപ (പ്ലാൻ)

(102) Kerala Rail Development Corporation Ltd. (KRDCL) -ലെ റെയിൽവേ മേൽപ്പാലങ്ങളുടെ/അടിപ്പാതകളുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിനും LC No. 06 (ചെറുകര ഗേറ്റ്), LC No. 240 (കണ്ണൂർ സൗത്ത് ഗേറ്റ്), LC No. 244 (പന്നപ്പാറ ഗേറ്റ്) എന്നിവയുടെ ഭൂമി ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങൾക്കും 15 ROB - കളുടെ ഭൂമി ഏറ്റെടുക്കലും നടപടികളും മറ്റു പ്രാഥമിക പ്രവർത്തനങ്ങൾക്കുമുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 190.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-337-88-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - റോഡ് പണികൾ- പ്രളയ ബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം -വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല.

(103) പ്രളയ ബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവ് - പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ്

വിഹിതം : 3.50 കോടി രൂപ (പ്ലാൻ)

(104) പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ ഐ. ടി. ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്നതിന് 6.4 കോടി രൂപയും വകുപ്പിലെ വിവിധ സോഫ്റ്റ്‌വെയറുകളുടെ നവീകരണത്തിനും പുതിയവ വാങ്ങുന്നതിനുമായി 2.1 കോടി രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 8.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-69—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവ് - സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി

വിഹിതം : 1 ലക്ഷം രൂപ (പ്ലാൻ)

(105) 2026-27 സാമ്പത്തിക വർഷത്തെ നടത്തിപ്പ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 14.44 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-68—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവ് - പി.പി.പി .(അന്വറ്റി) നടപ്പാക്കൽ-റോഡ് സംരക്ഷണം

വിഹിതം : 58.8 കോടി രൂപ (പ്ലാൻ)

(106) 2025-26 സാമ്പത്തിക വർഷത്തിൽ കൺസെഷണയർക്കു പാക്കേജ് എ, ബി എന്നിവയ്ക്ക് അന്വറ്റിയായി നൽകുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XL

### തുറമുഖങ്ങൾ

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 186.1540 കോടി രൂപ |
| ചാർജ്ജ് ചെയ്തത് | : | ഇല്ല |

**3051—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും**

3051-02-001-98-04-1—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - യാത്രാ ചെലവുകൾ - യാത്രാ ബത്ത

വിഹിതം : 9.41 ലക്ഷം രൂപ (നോൺ പ്ലാൻ)

(107) കുടിശ്ശിക ടി.എ. ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98-05-4—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 3.83 ലക്ഷം രൂപ (നോൺ പ്ലാൻ)

(108) വകുപ്പിന്റെ വിവിധ കാര്യാലയങ്ങളിൽ സ്റ്റാമ്പിനത്തിലും ദൈനംദിന പ്രവർത്തനത്തിനുള്ള മറ്റു ചെലവുകൾക്കായും കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98-06—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - വാടക, കരം, നികുതി

വിഹിതം : 19.80 ലക്ഷം രൂപ (നോൺ പ്ലാൻ)

(109) വകുപ്പിന്റെ എറണാകുളം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ ഡിവിഷൻ ഓഫീസ് എന്നിവ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങളുടെ വാടക കുടിശ്ശിക ഒടുക്കുന്നതിനും വകുപ്പിലെ വിവിധ ഓഫീസ് കാര്യാലയങ്ങളുടെയും മറ്റു കെട്ടിടങ്ങളുടെയും

കെട്ടിട നികുതി കുടിശ്ശിക ഒടുക്കുന്നതിനും ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98-12—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

വിഹിതം : 29 ലക്ഷം രൂപ (നോൺ പ്ലാൻ)

(110) വകുപ്പിൽ നിയമിതരായ 40 അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നല്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98-21-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 5.10 ലക്ഷം രൂപ (നോൺ പ്ലാൻ)

(111) വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന പഴക്കം ചെന്ന ഔദ്യോഗിക വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98-00-34-03—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - മറ്റു ചെലവുകൾ - മറ്റിനം

വിഹിതം : 1.13 ലക്ഷം രൂപ (നോൺ പ്ലാൻ)

(112) സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവൃത്തികൾക്കും സർക്കാരിന്റെ വാർഷികങ്ങളോട് അനുബന്ധിച്ചുള്ള മേളകളിലും വകുപ്പ് സംഘടിപ്പിക്കുന്ന മറ്റ് പരിപാടികൾക്കും സ്റ്റാളുകൾ മുതലായവയും മറ്റ് അനുബന്ധ പ്രവർത്തികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98-45—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - പി.ഒ.എൽ.

വിഹിതം : 11.21 ലക്ഷം രൂപ (നോൺ പ്ലാൻ)

(113) ഇന്ധന ചാർജ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കുടിശ്ശിക ബില്ലുകൾ അടച്ച് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98-97—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് -വാഹനങ്ങളുടെ വാടക

വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

(114) 40 വാഹനങ്ങൾ ആവശ്യമുള്ളിടത്ത് 16 എണ്ണം മാത്രം ഉപയോഗത്തിലുള്ളതിനാൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-101-98—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - നിർമ്മാണവും അറ്റകുറ്റപ്പണികളും - തുറമുഖ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

വിഹിതം : 20 ലക്ഷം രൂപ (നോൺ പ്ലാൻ)

(115) വകുപ്പിന്റെ ഓഫീസുകളുടെയും മറ്റു കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കും നിർമ്മാണ പ്രവർത്തികൾക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051-80-001-98—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - വൻകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- തുറമുഖ എൻജിനീയറിംഗ് വകുപ്പിൽ നവീകരണം, ഗവേഷണം, വികസനം - മൂലധന പ്രവൃത്തികൾ

വിഹിതം : 3.5 കോടി രൂപ (പ്ലാൻ)

(116) വകുപ്പിന്റെ ക്യാപ്പിറ്റൽ ചെലവുകളുടെ ഭാഗമായ നവീകരണം, ഗവേഷണം, വികസനം എന്നിവയുമായി ബന്ധപ്പെട്ട് വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികളുടെ

പൂർത്തീകരണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**5051—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്**

5051 -80-001- 93—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - വൻകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ കീഴിലുള്ള ബോട്ട് ഷെൽട്ടേഴ്സ്, ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പുനരുദ്ധാരണവും

വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

(117) ആലപ്പുഴയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പൂർത്തീകരണത്തിനും ഇലക്ട്രിഫിക്കേഷനും, ഓഫീസ് കെട്ടിടങ്ങളുടെയും ക്വാർട്ടേഴ്സുകളുടെയും അറ്റകുറ്റപ്പണികൾക്കുമായി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

5051-80-800-91—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - ഇലക്ട്രോണിക് ഉപകരണങ്ങൾ, സർവ്വേ ഉപകരണങ്ങൾ ഇവ വാങ്ങുന്നതിന്

വിഹിതം : 84 ലക്ഷം രൂപ (പ്ലാൻ)

(118) എക്കോ സൗണ്ടറും ഡി.ജി.പി.എസും വാങ്ങുന്നതിന് തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

5051-80-800-75—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - നിരീക്ഷണ കപ്പലുകളുടെ നവീകരണം

വിഹിതം : 55 ലക്ഷം രൂപ (പ്ലാൻ)

(119) സർവ്വേ വെസ്സലുകളുടെ മേജർ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനും തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**ഉപശീർഷകം അനുവദിക്കുന്നത് സംബന്ധിച്ച്**

(120) തുറമുഖ വകുപ്പിൽ 40 വാഹനങ്ങൾ ആവശ്യമുള്ളിടത്ത് 16 എണ്ണം മാത്രം ഉപയോഗത്തിലുള്ളതിനാൽ വാഹനങ്ങൾ വാങ്ങുന്നതിനായി 3051-02-001-98-21-1 എന്ന പുതിയ ഉപശീർഷകം ഉൾപ്പെടുത്തി 30 ലക്ഷം രൂപ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XLI

ഗതാഗതം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 1699.7789 കോടി രൂപ |
| ചാർജ്ജ് ചെയ്തത് | : | 134.5951 കോടി രൂപ |

**3055—റോഡ് ഗതാഗതം**

3055-00-003-99—റോഡ് ഗതാഗതം - പരിശീലനം - മോട്ടോർ വാഹന വകുപ്പിൽ ഇ - ഗവേർണൻസ് നടപ്പിലാക്കൽ - പരിശീലനവും കാര്യശേഷി വികസനവും

വിഹിതം : 1.50 കോടി രൂപ (പ്ലാൻ)

(121) ജീവനക്കാരുടെ പ്രവർത്തന കാര്യക്ഷമതയും ഡിജിറ്റൽ കഴിവുകളും മെച്ചപ്പെടുത്തുന്നതിനായി AI അധിഷ്ഠിത പരിശീലനം നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**3056—ഉൾനാടൻ ജലഗതാഗതം**

3056-00-001-99-05-1—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വെള്ളക്കരം

വിഹിതം : 2.5 ലക്ഷം രൂപ (നോൺ പ്ലാൻ)

(122) വെള്ളക്കരനിരക്ക് വർദ്ധനവിന്റെ അടിസ്ഥാനത്തിലുണ്ടായ അധികബാധ്യത കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-05-2—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വിഹിതം : 15 ലക്ഷം രൂപ (നോൺ പ്ലാൻ)

(123) ഇ– ഓഫീസ് സംവിധാനത്തിലേക്ക് മാറിയതിന്റെ ഭാഗമായി വൈദ്യുതി ഉപഭോഗം കൂടിയിട്ടുള്ളതിനാലും വൈദ്യുത ചാർജ്ജ് നിരക്ക് വർദ്ധനവ് മൂലമുള്ള അധിക ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-05-3—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

വിഹിതം : 3.49 ലക്ഷം രൂപ (നോൺ പ്ലാൻ)

(124) ടെലിഫോൺ ചാർജ് വർദ്ധന, ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നപ്പോൾ ഇന്റർനെറ്റ് കണക്ടിവിറ്റിയ്ക്കായി നൽകേണ്ട അധിക തുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-6—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - വാടക, കരം, നികുതി

വിഹിതം : 1.50 ലക്ഷം രൂപ (നോൺ പ്ലാൻ)

(125) ബോട്ടുകളുടെയും കെട്ടിടങ്ങളുടെയും ലൈസൻസ്/നികുതി നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാലും ഈ ഇനത്തിൽ നിർവ്വഹിക്കേണ്ട ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-17—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ചെറുകിട മരാമത്തുപണികൾ

വിഹിതം : 50,000 രൂപ (നോൺ പ്ലാൻ)

(126) സാധന സാമഗ്രികൾ, കൂലി എന്നിവയുടെ നിരക്ക വർദ്ധിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-21-2—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 1.02 ലക്ഷം രൂപ (നോൺ പ്ലാൻ)

(127) വാഹനങ്ങളുടെ സ്പെയർ പാർട്സ് വില, ലേബർ ചാർജ് എന്നിവയിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-99—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - വിവര സാങ്കേതിക വിദ്യ

വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

(128) ഇ-ഓഫീസ് സംവിധാനം സബ് ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി അധിക തുക ആവശ്യം ആയതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-01-4—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ -ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 3 ലക്ഷം രൂപ (നോൺ പ്ലാൻ)

(129) ജീവനക്കാർക്ക് അനുവദിച്ച ചികിത്സാ ധനസഹായത്തിൽ കാലാകാലങ്ങളിൽ വർദ്ധനവ് ഉണ്ടാകുന്നത് നിമിത്തം നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-02-5—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വേതനം - ദിവസവേതനം

വിഹിതം : 2.7180 കോടി രൂപ (നോൺ പ്ലാൻ)

(130) ടൂറിസം ഉൾപ്പെടെയുള്ള അധിക സർവ്വീസുകളുടെ നടത്തിപ്പിന് ദിവസവേതന ജീവനക്കാർക്ക് വേതനം നല്കുന്നതിനായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-04-1—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - യാത്രാ ചെലവുകൾ - യാത്രാ ബത്ത

വിഹിതം : 30000 രൂപ (നോൺ പ്ലാൻ)

(131) വകുപ്പിലെ ജീവനക്കാർക്ക് ദേശീയ തലത്തിലുള്ള കായിക മേളകളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-6—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വാടക കരം നികുതി

വിഹിതം : 1.65 ലക്ഷം രൂപ (നോൺ പ്ലാൻ)

(132) സ്റ്റേഷൻ ഓഫീസ് കെട്ടിടങ്ങളുടെ ലൈസൻസ്, നികുതി നിരക്കുകളിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-34-3—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 9.24 ലക്ഷം രൂപ (നോൺ പ്ലാൻ)

(133) സർവ്വീസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ടിക്കറ്റ് വെന്റിംഗ് മെഷീൻ, പേപ്പർ റോൾ, പോർട്ടർ ചാർജസ്, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-45—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - പി.ഒ.എൽ.

വിഹിതം : 18.7425 കോടി രൂപ (നോൺ പ്ലാൻ)

(134) ബോട്ടുകളുടെ പ്രധാന ഇന്ധനമായ ഡീസലിന് കാലാകാലങ്ങളിൽ വർദ്ധനവ് ഉണ്ടാകുന്നത് നിമിത്തം അധികമായി വരുന്ന ഇന്ധന ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-97-12 —ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

വിഹിതം : 2.2 ലക്ഷം രൂപ (നോൺ പ്ലാൻ)

(135) സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അധിക ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-97-19—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും - യന്ത്രോപകരണങ്ങൾ

വിഹിതം : 70.88 ലക്ഷം രൂപ (നോൺ പ്ലാൻ)

(136) ബോട്ടുകളുടെ സ്പെയർ പാർട്സുകളുടെ വില വർദ്ധനവും ടൂറിസം ഉൾപ്പെടെയുള്ള സർവ്വീസുകൾ വർദ്ധിപ്പിച്ചതും അറ്റകുറ്റപ്പണി ഇനത്തിൽ ചെലവ് വർദ്ധിപ്പിച്ചതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-97-34-3—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും -മറ്റ് ചെലവുകൾ - മറ്റിനം

വിഹിതം : 10000 രൂപ (നോൺ പ്ലാൻ)

(137) ബോട്ടുകളുടെ അറ്റകുറ്റപ്പണി വിഭാഗത്തിൽ അനുബന്ധ ചെലവുകളിൽ ആനുകാലികമായി ഉണ്ടായ വർദ്ധനവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 90000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-003-99—ഉൾനാടൻ ജലഗതാഗതം - പരിശീലനവും ഗവേഷണവും - ഉൾനാടൻ ജലഗതാഗത വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം

വിഹിതം : 10000 രൂപ (നോൺ പ്ലാൻ)

(138) ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-800-99-34-3—ഉൾനാടൻ ജലഗതാഗതം-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : വോട്ട് ചെയ്തത് - 25000 രൂപ (നോൺ പ്ലാൻ)

(139) സർവ്വീസ് നടത്തിപ്പിലെ മറ്റിനങ്ങളിലുള്ള അനുബന്ധ ചെലവുകൾ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ വോട്ടഡ് ശീർഷകത്തിൽ 75000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-800-99-34-3—ഉൾനാടൻ ജലഗതാഗതം-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : ചാർജ്ജ് ചെയ്തത് - 5.51 ലക്ഷം രൂപ (നോൺ പ്ലാൻ)

(140) ജീവനക്കാർക്കും യാത്രക്കാർക്കുമുള്ള GPA ഇൻഷുറൻസ് പരിരക്ഷ, ബോട്ടുകളുടെ തേർഡ് പാർട്ടി ഇൻഷുറൻസ് എന്നിവയുടെ പ്രീമിയം സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ചാർജ്ജ്ഡ് ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**3075—മറ്റു ഗതാഗത സർവ്വീസുകൾ**

3075-60-001-98-01-4—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ – ഭരണവും നടത്തിപ്പും - മേൽനോട്ടം - ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

(141) മെഡിക്കൽ റീഇംബേഴ്സ്മെന്റ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3075-60-001-98-21-2—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ – ഭരണവും നടത്തിപ്പും - മേൽനോട്ടം - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 16000 രൂപ (നോൺ പ്ലാൻ)

(142) കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിനാൽ വിവിധ മീറ്റിംഗുകൾക്കും പരിശോധനയ്ക്കുമായി

യാത്രകൾ കൂടുതലാകുന്നത് മൂലമുള്ള അധിക ചെലവിനായി ഈ ശീർഷകത്തിൽ 45000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3075-60-001-98-99—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ – ഭരണവും നടത്തിപ്പും - മേൽനോട്ടം - വിവരസാങ്കേതിക വിദ്യ

വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

(143) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കാലോചിതമായി കൈകാര്യം ചെയ്യുന്നതിന് നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 99000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ – മറ്റു ചെലവുകൾ - ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

വിഹിതം : 95 ലക്ഷം രൂപ (നോൺ പ്ലാൻ)

(144) കനാലുകളുടെ നവീകരണത്തിനും അനുബന്ധ നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**5055—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്**

5055-00-190-99-01—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - നിക്ഷേപങ്ങൾ – കെ.എസ്.ആർ. ടി.സി . വർക്ക് ഷോപ്പ് നവീകരണവും ഇൻഫ്രാസ്ട്രക്ചർ വികസനവും

വിഹിതം : 45.72 കോടി രൂപ (പ്ലാൻ)

(145) കെ.എസ്.ആർ. ടി.സിയുടെ വിവിധ ഡിപ്പോകളിലും വർക്ക് ഷോപ്പുകളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5055-00-800-79—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും

വിഹിതം : 127 കോടി രൂപ (പ്ലാൻ)

(146) കാലപ്പഴക്കം ചെന്ന സൂപ്പർ ക്ലാസ് ബസുകളുൾപ്പെടെയുള്ള 999 ബസ്സുകൾ നിരത്തിൽ നിന്നും പിൻവലിച്ച് പുതിയ 999 ബസ്സുകൾ വാങ്ങി നിരത്തിലിറക്കുന്നതിനായി ഈ ശീർഷകത്തിൽ 273 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5055-00-800-74—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക് അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ

വിഹിതം : 4 കോടി രൂപ (പ്ലാൻ)

(147) വനിതാ ഹോസ്റ്റൽ, അക്കാഡമിക് ബ്ലോക്ക് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**5056—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്**

5056-00-104-99—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - നാവിഗേഷൻ - പുതിയ എഞ്ചിനുകൾ വാങ്ങലും പഴയ ബോട്ടുകളുടെ പുതുക്കിപ്പണിയലും

വിഹിതം : 18 ലക്ഷം രൂപ (നോൺ പ്ലാൻ)

(148) ബോട്ടുകളുടെ മൈനർ റിപ്പയർ വർക്കുകൾ, ഹൗളിംഗ് ചാർജസ് എന്നിവ കൊടുത്തു തീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056-00-104-83—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - നാവിഗേഷൻ - ദേശീയ ജലപാതയിൽ ക്രോസ്സ് സ്ട്രക്ചർ നിർമ്മാണം (നബാർഡ് ആർ.ഐ.ഡി.എഫ്.)

വിഹിതം : 23 കോടി രൂപ (പ്ലാൻ)

(149) പാലങ്ങൾക്ക് 6 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡം നിർബന്ധമാക്കുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056-00-190-90—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചി സംയോജിത ജലഗതാഗത പദ്ധതി (എം.ഐ.ഡി.പി. )

വിഹിതം : ഇല്ല

(150) പുതുക്കിയ അംഗീകൃത ഫണ്ടിംഗ് പാറ്റേൺ അനുസരിച്ച് ജർമ്മൻ വായ്പാ ഏജൻസിയായ Kreditanstalt fur Wiederaufbau (KfW) വാഗ്ദാനം ചെയ്ത 24 മില്യൻ യൂറോയുടെ അധിക വായ്പ അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**5075—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്**

5075-60-190-96—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

വിഹിതം : ഇല്ല

(151) കൊച്ചി മെട്രോയുടെ ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവൃത്തികളുടെ ഘട്ടം 2 പദ്ധതിക്കായി ഇക്വിറ്റി ഇനത്തിൽ ഈ ശീർഷകത്തിൽ 34.68 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-94—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - ഉൾനാടൻ ജലഗതാഗതം(സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും

വിഹിതം : 70.8 കോടി രൂപ(പ്ലാൻ)

(152) 7 കോടി രൂപയുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും പാലങ്ങളുടെ നിർമ്മാണം ഉൾപ്പെടെ പശ്ചിമതീര കനാലിലെ വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സ്ഥലമെടുപ്പിനായും ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-83-01—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (എം.ഐ.ഡി.പി.) - സംസ്ഥാന നികുതി തിരികെ നൽകൽ

വിഹിതം : 1 ലക്ഷം രൂപ(പ്ലാൻ)

(153) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള ഘട്ടം 1 എ, ഘട്ടം 1 ബി എന്നിവയുടെ അംഗീകൃത ഫണ്ടിംഗ് പാറ്റേൺ അനുസരിച്ചുള്ള നികുതി തിരിച്ചടവിനായി ഈ ശീർഷകത്തിൽ 121.39 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-60—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - മോട്ടോർരഹിത ഗതാഗതം

വിഹിതം : 1 ലക്ഷം രൂപ (പ്ലാൻ)

(154) ആലുവ മുതൽ തൃപ്പൂണിത്തുറ വരെയുള്ള മോട്ടോർ രഹിത ഗതാഗത പദ്ധതിക്ക് വേണ്ടി AFD യിൽ നിന്നും അനുവദിച്ചിരുന്ന ലോണിന്റെ കാലാവധി തീർന്നതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-57 —മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി മെട്രോ റെയിൽ (MIDP) (EAP)

വിഹിതം : 79.03 കോടി രൂപ (പ്ലാൻ)

(155) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള ഘട്ടം 2 സംസ്ഥാന, കേന്ദ്ര നികുതി തിരിച്ചടവിനായി ഈ ശീർഷകത്തിൽ 31.92 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശീർഷകം അനുവദിക്കുന്നത് സംബന്ധിച്ച്**

(156) കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിക്കുള്ള അംഗീകൃത ഫണ്ടിംഗ് പാറ്റേൺ അനുസരിച്ച് ഘട്ടം 1-നു വേണ്ടി 33 കോടി രൂപയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ സോളാർ പ്രോജക്ടിനു വേണ്ടി 95 കോടി രൂപയും ഉൾപ്പെടെ 128 കോടി രൂപ ആവശ്യമുള്ളതിനാൽ '5075-60-800-83-02- കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി- അധിക കീഴ്ക്കടം' എന്ന ശീർഷകം ഉൾപ്പെടുത്തി 128 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(157) കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് എറണാകുളം ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്കിന്റെ വായ്പാ തിരിച്ചടവിലേക്കും പലിശ അടവിലേക്കുമായി 62.80 കോടി രൂപയും AFD യുടെ വായ്പാ തിരിച്ചടവിലേക്കും പലിശ അടവിലേക്കുമായി 142.59 കോടി രൂപയും ഘട്ടം 1-നു വേണ്ടി എടുത്തിട്ടുള്ള കാനറാ ബാങ്ക് വായ്പാ തിരിച്ചടവിലേക്കും പലിശ അടവിലേക്കുമായി 194.45 കോടി രൂപയും HUDCO വായ്പാ തിരിച്ചടവിലേക്കും പലിശ അടവിലേക്കുമായി 118.83 കോടി രൂപയും ഘട്ടം 2-നു വേണ്ടി AIIB- യിൽ നിന്നും എടുത്ത അന്താരാഷ്ട്ര വായ്പയുടെ പലിശയിനത്തിൽ 30 കോടി രൂപയും ഉൾപ്പെടെ 548.67 കോടി രൂപ ആവശ്യമുള്ളതിനാൽ '5075-60-800-83-03- കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി- വായ്പാ പലിശ തിരിച്ചടവ്' എന്ന ശീർഷകം ഉൾപ്പെടുത്തി 548.67 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(158) കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തും, കോഴിക്കോടും മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി 6.05 കോടി രൂപയും തിരുവനന്തപുരം മെട്രോ അഡ്മിനിസ്ട്രേഷൻ ചാർജ്ജിലേക്കായി 3 കോടി രൂപയും കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം CMP-AAR-ന് വേണ്ടി 0.75 കോടി രൂപയും കൊച്ചി മെട്രോയുടെ ഘട്ടം 1,2 എന്നിവയുടെ പദ്ധതിച്ചെലവിനായി (CAPEX) (സാപ്പ് അപ്ഗ്രഡേഷൻ - 12 കോടി രൂപ, സൈബർ സെക്യൂരിറ്റി - 5 കോടി രൂപ, ട്രെയിനിംഗ് സെന്റർ നിർമ്മാണം - 9.79 കോടി രൂപ) 26.79 കോടി രൂപയും ഘട്ടം 2-ന്റെ പാർക്കിംഗിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി 134.50 കോടി രൂപയും വാട്ടർ മെട്രോ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി രൂപീകരിച്ച കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് 2021 മുതൽ പ്രവർത്തന സഹായം നൽകി വരുന്നതിന്റെ പ്രതിഫലമായി 1.77 കോടി രൂപയും ഉൾപ്പെടെ 172.86 കോടി രൂപ ആവശ്യമുള്ളതിനാൽ '5075-60-800-83-05- കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി- സജ്ജീകരണ പ്രവൃത്തികൾ ' എന്ന ശീർഷകം ഉൾപ്പെടുത്തി 172.86 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**7055—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ**

7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലയ്ക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

വിഹിതം : 1000 കോടി രൂപ (നോൺ പ്ലാൻ)

(159) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കും, വരവ്, ചെലവ് അന്തരം നികത്തുന്നതിനായും പെൻഷൻകാരുടെ പെൻഷൻ തുക സഹരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്ത് പലിശ ഉൾപ്പെടെ സഹകരണ ബാങ്കുകൾക്ക് തിരികെ ഒടുക്കുന്നതിനായും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കുന്നതിനായി എൻ.ഡി.ആർ. ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ചിട്ട് വകമാറ്റിയ തുകയും മെഡിക്കൽ ആനുകൂല്യം തുടങ്ങിയവയുടെ കുടിശ്ശികകളും കൊടുക്കുന്നതിനും എൻ.പി.എസ്. ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന വിഹിതവും തത്തുല്യമായ കോർപ്പറേഷൻ വിഹിതവും ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 845 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**7056 - ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ**

7056-00-190-97-01—ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - കൊച്ചി സംയോജിത ജലഗതാഗത പദ്ധതി - പ്രവർത്തന മൂലധന സഹായം

വിഹിതം : ഇല്ല

(160) 2026-27 സാമ്പത്തിക വർഷത്തിൽ കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തന ചിലവുകൾക്കായി 12.63 കോടി രൂപയും വ്യത്യസ്ത മൂലധന പദ്ധതികൾക്കായി 48.50 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 61.13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2026 ഫെബ്രുവരി 19.

പി. എ. മുഹമ്മദ് റിയാസ്,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി V.*

217/2026.

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.